# നിയമവിരുദ്ധമായി രൂപീകരിച്ച ആർബിട്രേഷൻ കോടതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ

ജൂൺ 27, 2025

1960 ലെ സിന്ധു നദീജല കരാർ ലംഘിച്ചുകൊണ്ട് അതിന്റെ കീഴിൽ രൂപീകരിച്ചതായി പറയപ്പെടുന്ന നിയമവിരുദ്ധമായ ആർബിട്രേഷൻ കോടതി ഇന്ത്യയിലെ കേന്ദ്രഭരണ പ്രദേശമായ ജമ്മു കശ്മീരിലെ കിഷെൻഗംഗ, റാറ്റിൽ ജലവൈദ്യുത പദ്ധതികളുമായി ബന്ധപ്പെട്ട് തീരുമാനമെടുക്കാൻ അവകാശമുണ്ടെന്ന തരത്തിൽ 'അനുബന്ധ വിധി' ഇന്ന് പുറപ്പെടുവിച്ചു.

2. ആർബിട്രേഷൻ കോടതി എന്നറിയപ്പെടുന്ന ഇതിന്റെ നിലനിൽപ്പിനെ ഇന്ത്യ ഒരിക്കലും അംഗീകരിച്ചിട്ടില്ല. ഈ ആർബിട്രൽ ബോഡിയുടെ രൂപീകരണം തന്നെ സിന്ധു നദീജല ഉടമ്പടിയുടെ ഗുരുതരമായ ലംഘനമാണെന്നും അതിനാൽ ഈ ഫോറത്തിന് കീഴിൽ പുറപ്പെടുവിക്കുന്ന ഏതൊരു നടപടിക്രമവും ഇതിന് കീഴിൽ എടുക്കുന്ന ഏതൊരു വിധിയും തീരുമാനവും നിയമവിരുദ്ധവും അസാധുവുമാണ് എന്ന നിലപാട് ഇന്ത്യ വ്യക്തമാക്കി.

3. പഹൽഗാം ഭീകരാക്രമണത്തെത്തുടർന്ന്, അതിർത്തി കടന്നുള്ള ഭീകരതവാദത്തിനുള്ള പിന്തുണ പാകിസ്ഥാൻ വിശ്വസനീയമായ രീതിയിൽ അവസാനിപ്പിക്കുന്നത് വരെ സിന്ധു നദീജല ഉടമ്പടി മരവിപ്പിക്കാൻ അന്താരാഷ്ട്ര നിയമപ്രകാരം ഒരു പരമാധികാര രാഷ്ട്രമെന്ന നിലയിൽ ഇന്ത്യ അതിന്റെ അവകാശങ്ങൾ വിനിയോഗിച്ചു. അതുവരെ ഉടമ്പടി മരവിപ്പിച്ചു. ഉടമ്പടിക്ക് കീഴിലുള്ള ബാധ്യതകളൊന്നും നിർവഹിക്കാൻ ഇന്ത്യ ബാധ്യസ്ഥരല്ല. നിയമപരമായി നിലവില്ലാത്തതും നിയമവിരുദ്ധമായി രൂപീകരിച്ചതുമായ ഈ ആർബിട്രൽ ബോഡി ഉൾപ്പെടെ ഒരു ആർബിട്രേഷൻ കോടതിക്കും ഒരു പരമാധികാര രാഷ്ട്രമായി പ്രവർത്തിക്കാനുള്ള ഇന്ത്യയുടെ അവകാശങ്ങളുടെ നിയമസാധുത അവലോകനം ചെയ്യാനുള്ള അധികാരപരിധിയില്ല.

4. അതിനാൽ, ഈ സ്ഥാപനത്തിന്റെ മുൻകാല തീരുമാനങ്ങളെല്ലാം നിരസിച്ചതുപോലെ, ഈ അനുബന്ധ വിധിയും ഇന്ത്യ വ്യക്തമായി തള്ളിക്കളയുന്നു.

5. ഭീകരതയുടെ ആഗോള ഉറവിടമെന്ന ഉത്തരവാദിത്തം ഏറ്റെടുക്കുന്നതിൽ നിന്ന് ഒഴിയാനുള്ള പാക്കിസ്ഥാന്റെ മറ്റൊരു ശ്രമമാണ് അവരുടെ നിർദ്ദേശപ്രകാരമുള്ള ഈ പുതിയ നടപടി. ഈ വ്യാജ ആർബ്രിട്രേഷൻ നടപടി അന്താരാഷ്ട്ര വേദികളെ വഞ്ചിക്കുന്നതിനും കൃത്രിമം കാണിക്കുന്നതിനും പാകിസ്ഥാൻ പതിറ്റാണ്ടുകളായി തുടരുന്ന രീതിയുമായി പൊരുത്തപ്പെടുന്നതാണ്.

**ന്യൂഡൽഹി**

**ജൂൺ 27, 2025**